# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 326 25.06.2012 -ൽ മറുപടിയ്ക്ക്**

**പോലീസ് പരാതി അതോറിറ്റി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ പി. സി. ജോർജ് :<br>ഡോ. എൻ ജയരാജ് :<br>ശ്രീ എം. വി. ശ്രേയാംസ് കുമാർ:<br>ശ്രീ റോഷി അഗസ്റ്റിൻ : | ശ്രീ തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ്മന്ത്രി) |
| എ) പോലീസ് പരാതി അതോറിറ്റി ശക്തിപ്പെടുത്തു ന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; വ്യക്തമാക്കുമോ ; | എ) കേരളാ പോലീസ് ആക്ടിലെ വകുപ്പ് 110 (2) - ൽ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം മുഴുവൻ അംഗങ്ങളെയും ഉൾപ്പെടുത്തി സംസ്ഥാന പോലീസ് കംപ്ലയിന്റ്സ് അതോറിറ്റി 17.02.2012 - ൽ പൂർണ്ണമായതോതിൽ സർക്കാർ പുനസംഘടി പ്പിച്ചിട്ടുണ്ട്. സംസ്ഥാന പോലീസ് കംപ്ലയിന്റ്സ് അതോറിറ്റിക്കുപുറമേ, ഒരു റിട്ടയേർഡ് ജില്ലാ ജഡ്ജി ചെയർ പേഴ്സണായിട്ടുള്ള ജില്ലാ പോലീസ് കംപ്ലയിന്റ്സ് അതോറിറ്റികൾ എല്ലാ ജില്ലകളിലും പ്രവർത്തിച്ചു വരുന്നുണ്ട്. പോലീസ് കംപ്ലയിന്റ്സ് അതോറിറ്റികളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. |
| ബി) പോലീസ് പരാതി അതോറിറ്റിയുടെ ഘടന എപ്രകാരമാണ്; | (ബി) കേരളാ പോലീസ് ആക്ടിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം സംസ്ഥാന പോലീസ് കംപ്ലയിന്റ്സ് അതോറിറ്റിയുടെ ഘടന താഴെപ്പറയും പ്രകാരമാണ്.<br><br>1. ചെയർ പേഴ്സൺ<br>റിട്ടയേർഡ് ഹൈക്കോടതി ജഡ്ജി<br><br>അംഗങ്ങൾ<br>2. പ്രിൻസിപ്പൽ സെക്രട്ടറിയുടെ പദവിയിൽ താഴെയല്ലാത്ത ഒരു ഉദ്യോഗസ്ഥൻ.<br>3. പോലീസ് അഡീഷണൽ ഡയറക്ടർ ജനറലിന്റെ പദവിയിൽ താഴെയല്ലാത്ത ഒരു ഉദ്യോഗസ്ഥൻ.<br>4. സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ ചെയർമാൻ നൽകുന്ന പോലീസ് ഇൻസ്പെക്ടർ ജനറലിന്റെ |

റാങ്കിൽ കുറയാത്ത പദവിയിൽ നിന്നും വിരമിച്ച അനുയോജ്യരായ ഉദ്യോഗസ്ഥരുടെ മൂന്നംഗ പാനലിൽ നിന്നും പ്രതിപക്ഷ നേതാവുമായി ആലോചിച്ച് സർക്കാർ നിശ്ചയിക്കുന്ന ഒരു വ്യക്തി.

5. സംസ്ഥാനത്തെ ലോകായുക്ത നൽകുന്ന അനുയോജ്യരായ റിട്ടയേർഡ് ജില്ലാ ജഡ്ജിമാരുടെ പാനലിൽ നിന്നും പ്രതിപക്ഷ നേതാവുമായി ആലോചിച്ച് സർക്കാർ നിശ്ചയിക്കുന്ന ഒരു വ്യക്തി.

| | |
|---|---|
| സി) പ്രസ്തുത അതോറിറ്റിയുടെ ഫലപ്രദമായ പ്രവർത്തനം സാധ്യമാക്കുന്നതിന് മാതൃകാ ചട്ടങ്ങൾ രൂപീകരിച്ചുവോ; വ്യക്തമാക്കുമോ ? | സി) ചട്ടങ്ങൾ രൂപീകരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ